LIBRARY ARCHIVES Kerala Legislative Assembly

പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ആംബുലൻസ് സൗകര്യം

82 (747) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ പൂർണ്ണസജ്ജമായ ആംബുലൻസ് ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ ആംബുലൻസ് എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ആംബുലൻസ് വാങ്ങുന്നതിന് ആവശ്യമായ തുക നടപ്പു വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിന് ധനസഹായം

83 (748) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ.) പദ്ധതി പ്രകാരം 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജിന് പ്രഖ്യാപിച്ച 150 കോടി രൂപയുടെ ധനസഹായം ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ ;

(ബി) 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജിന് പ്രഖ്യാപിച്ച പ്രസ്തുത സാമ്പത്തിക സഹായം നേടിയെടുക്കാനാകാത്തതിന്റെ കാരണം അറിയിക്കുമോ ?

ഉത്തരം

(എ) പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച 150 കോടി രൂപയുടെ ധനസഹായം ലഭിക്കുന്നതിന് വിശദമായ നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയതിന് ആവശ്യമായ ഭേദഗതി നിർദ്ദേശവും സമർപ്പിച്ചതനുസരിച്ച് പ്രോജക്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.